## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2283** **03-03-2025 - ൽ മറുപടിയ്ക്ക്**

## തെരുവുനായ ശല്യം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ രമേശ് ചെന്നിത്തല | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) |

**ചോദ്യം**

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ തെരുവ് നായകളുടെ ആക്രമണത്തെ തുടർന്ന് മരിച്ചവരുടേയും പരിക്കേറ്റവരുടേയും വിശദാംശങ്ങൾ ജില്ല തിരിച്ച് അറിയിക്കാമോ;

**ഉത്തരം**

(എ) സംസ്ഥാനത്ത് നായ കടിയേറ്റ് ചികിത്സ തേടിയവരുടെയും പേവിഷബാധയേറ്റ് മരണമടഞ്ഞവരുടെയും വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | നായ കടിയേറ്റ് ചികിത്സ തേടിയവരുടെ എണ്ണം | പേ വിഷബാധയേറ്റ് മരണമടഞ്ഞവരുടെ എണ്ണം |
|---|---|---|
| 2021 | 2,21,379 | 11 |
| 2022 | 2,88,866 | 27 |
| 2023 | 3,06,427 | 25 |
| 2024 | 3,16,793 | 26 |

ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു (നായകടിയേറ്റ് ചികിത്സ തേടിയവരുടെ എണ്ണം)

| | ജില്ല | 2021 | 2022 | 2023 | 2024 |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 31,806 | 41,335 | 44,326 | 50,870 |
| 2 | കൊല്ലം | 23,525 | 31,419 | 34,011 | 37,618 |
| 3 | പത്തനംതിട്ട | 11,381 | 14,898 | 14,184 | 15,460 |
| 4 | ആലപ്പുഴ | 15,433 | 19,404 | 24,006 | 27,726 |
| 5 | കോട്ടയം | 12,353 | 18,404 | 31,319 | 23,360 |
| 6 | ഇടുക്കി | 7954 | 7,780 | 8,535 | 10,003 |
| 7 | എറണാകുളം | 23,690 | 28,105 | 28,925 | 32,086 |
| 8 | തൃശ്ശൂർ | 13,818 | 30,172 | 30,043 | 29,363 |
| 9 | പാലക്കാട് | 28,474 | 32,671 | 28,346 | 31,303 |
| 10 | മലപ്പുറം | 8,887 | 11,543 | 13,658 | 11,143 |
| 11 | കോഴിക്കോട് | 12,190 | 15,763 | 19,616 | 18,472 |
| 12 | വയനാട് | 6,950 | 8,651 | 5505 | 5,719 |
| 13 | കണ്ണൂർ | 15,299 | 18,584 | 15,760 | 15,418 |
| 14 | കാസർഗോഡ് | 9,619 | 10,137 | 8,194 | 8,252 |
| | Total | 2,21,379 | 2,88,866 | 3,06,427 | 3,16,793 |

| | | | |
|---|---|---|---|
| | | | |
| (ബി) | തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി സർക്കാർ മുൻപ് നിശ്ചയിച്ചിരുന്ന പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം, പഞ്ചായത്ത് തലത്തിലുള്ള ഷെൽട്ടർ ഹോം, ആക്രമണകാരികളും പേവിഷബാധയുള്ളതുമായ നായകളെ കൊല്ലുക എന്നീ കാര്യങ്ങളിൽ എന്തെല്ലാം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവർത്തനങ്ങൾക്ക് ശേഷവും സംസ്ഥാനത്ത് തെരുവ് നായ ശല്യം കൂടുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര ചട്ടങ്ങൾ മുന്നോട്ട് വക്കുന്ന കരശന നിയന്ത്രണങ്ങളുടെ സാഹചര്യത്തിലും തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി സർക്കാർ പദ്ധതികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>1. 2016 മുതൽ 31.12.2024 വരെ സംസ്ഥാനത്ത് ആകെ 11,6,094 തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്.<br>2. 01.09.2022 മുതൽ 31.12.2024 വരെ ആകെ 2,32,559 തെരുവ് നായ്ക്കൾക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ട്.<br>3. 22 സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിയിരുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഷെൽട്ടർ ഹോമുകൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ പ്രാദേശികമായ എതിർപ്പുകൾ ആയതിന് പ്രതികൂലമായി നിൽക്കുന്നു.<br>തെരുവുനായകളുടെ ആക്രമണം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചും എന്നാൽ മൃഗങ്ങളോടുള്ള ക്രൂരത തടയുക എന്നുള്ള ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും ടി വിഷയത്തിൽ ബഹു. ഹൈക്കോടതിയുടെയും ബഹു. സുപ്രീം കോടതിയുടെയും ഉത്തരവുകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br>അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള കംപാഷൻ ഫോർ അനിമൽസ് വെൽഫെയർ അസ്സോസ്സിയേഷൻ (CAWA) എന്ന സ്ഥാപനം ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് റാബിസ് ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാസ്സ് ഡോഗ് വാക്സിനേഷൻ, പബ്ലിക്ക് അവയർനസ്സ് എന്നിവ നടത്തുന്നതിന് അനുമതി ആവശ്യപ്പെടുകയുണ്ടായി. നിലവിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിബന്ധങ്ങൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതിക്ക് അനുമതി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | തെരുവ് നായുടെ കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതകർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും, മരണപ്പെടുന്നവരുടെ ആശ്രിതർക്കും ബഹു. സുപ്രിം കോടതിയുടെ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ള ജസ്റ്റിസ് (റിട്ട) സിരി ജഗൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ ആടിസ്ഥാനത്തിൽ നിലവിൽ നഷ്ടപരിഹാരം അനുവദിച്ചു വരുന്നുണ്ട് |
| (ഡി) | ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് നായകളുടെ ആക്രമണം മൂലം നാട്ടുകാർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | നായ്ക്കൾക്ക് പേവിഷബാധക്കെതിരെയുള്ള വാക്സിനേഷൻ നൽകുന്നുണ്ട്. ഷെൽട്ടർ ഹോം നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും തുക വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന തെരുവ് | (ഇ) | പരിശോധിക്കാവുന്നതാണ് |

| | | | |
|---|---|---|---|
| | നായ ശല്യം പരിഹരിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ച് പ്രത്യേക ദൗത്യ സംഘത്തിന് രൂപം നൽകി അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ